# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 433 — 10.03.2015-ൽ മറുപടിക്ക്

## കർഷക സേവന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക മേഖലയിൽ സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയ കർഷക സേവന പദ്ധതികളുടെ വിശദവിവരം വെളിപ്പെടുത്തുമോ;<br><br>(ബി) ഇതുമായി ബന്ധപ്പെട്ട് ആരംഭിക്കാൻ ലക്ഷ്യമിട്ട പുതിയ കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2012-13 സാമ്പത്തിക വർഷത്തിൽ 40 കർഷകസേവന കേന്ദ്രങ്ങളും 2013-14 സാമ്പത്തിക വർഷത്തിൽ 20 കർഷകസേവന കേന്ദ്രങ്ങളും സഹകരണ മേഖലയിൽ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും 56 സേവനകേന്ദ്രങ്ങൾ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ളതും 4 കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.<br><br>കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 60 ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തനപരിധിയാക്കി പ്രാഥമിക സഹകരണ ബാങ്കുകളുടെ നിയന്ത്രണത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള കർഷക സേവന കേന്ദ്രങ്ങൾ വഴി കാർഷിക മേഖലയിൽ യന്ത്രവല്ക്കരണം നടപ്പിലാക്കുക, കർഷകർക്ക് അത്യുല്പാദനശേഷിയുള്ള വിത്ത്, മികച്ച നടീൽ വസ്തുക്കൾ, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുക, മികച്ച പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ ആധുനിക കാർഷിക രീതികളിൽ പ്രാവീണ്യം നേടുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, തരിശുനിലകൃഷി, പച്ചക്കറി കൃഷി തുടങ്ങി |

വിവിധയിനം കാർഷിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നല്കുക, ആയതിനാവശ്യമായ സേവനങ്ങൾ ലഭ്യമാക്കുക, അത്യാധുനിക കൃഷിരീതികളായ പോളിഹൗസ് പോലെയുള്ള പദ്ധതികൾ സ്ഥാപിച്ച് നടപ്പിലാക്കുക, ഗുണമേന്മയുള്ള നഴ്സറികൾ സ്ഥാപിച്ച് തൈകളുടെ ലഭ്യത ഉറപ്പുവരുത്തുക, സഹകരണ മേഖലയിൽ മണ്ണു ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുക വഴി മെച്ചപ്പെട്ട സാങ്കേതിക സഹായം കർഷകർക്ക് ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു. പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച 37 ഫാർമേഴ്സ് സർവീസ് സെന്ററുകൾക്ക് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി റിവോൾവിംഗ് ഫണ്ടായി സെന്റർ ഒന്നിന് 5 ലക്ഷം രൂപ വീതം നല്കിയിട്ടുണ്ട്. ശേഷിക്കുന്ന സെന്ററുകൾക്ക് ടി ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നൂതന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി ഏറ്റവും മികച്ച 5 സെന്ററുകൾക്ക് 25 ലക്ഷം രൂപയിൽ അധികരിക്കാതെയുള്ള ധനസഹായം പ്രോജക്ട് അടിസ്ഥാനത്തിൽ നൽകുന്നതിനും മികച്ച ഫാർമേഴ്സ് സർവീസ് സെന്ററുകൾക്ക് അവാർഡ് നൽകുന്നതിനുള്ള തെരഞ്ഞെടുപ്പ് നടപടികളും നടന്നുവരുന്നു. 4 സെന്ററുകൾ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

| | |
|---|---|
| (സി) ഇവയിലൂടെ ഏതൊക്കെ തരത്തിലുള്ള സഹായങ്ങളാണ് നല്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) ഫാർമേഴ്സ് സർവീസ് സെന്ററുകളിലൂടെ ചുവടെ പരാമർശിക്കുന്ന സഹായങ്ങളാണ് നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത് |

1) കർഷകർക്ക് ആവശ്യമായ അത്യുല്പാദന ശേഷിയുള്ള വിത്ത്, മികച്ച ഗുണനിലവാരമുള്ള

വളം, കീടനാശിനി എന്നിവ ലഭ്യമാക്കുക

2) കാർഷിക മേഖലയിൽ ആധുനിക യന്ത്രവത്ക്കരണം നടപ്പിലാക്കുക. ആയതുവഴി കാർഷികോല്പാദനം വർദ്ധിപ്പിക്കുക.

3) കാർഷിക യന്ത്രോപകരണങ്ങളുടെ സമയബന്ധിതമായ അറ്റകുറ്റപണികൾക്കായി അഗ്രോ മെഷീനറി സർവീസ് സെന്ററുകൾ, അഗ്രോ ഷോപ്പ് എന്നിവ അനുവദിക്കുക വഴി യഥാസമയം യന്ത്രവത്കൃത കാർഷിക സേവനം ലഭ്യമാക്കുക.

4) ആധുനിക കാർഷിക രീതികളിൽ കർഷകർക്കാവശ്യമായ സാങ്കേതിക പരിശീലനം ലഭ്യമാക്കുക.

5) കാർഷിക മേഖലയിൽ സേവന പ്രവർത്തനങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുക.

6) ഹൈടെക് കൃഷിരീതികൾ (പോളിഹൗസ്), നഴ്സറികൾ ഇതരനടീൽ വസ്തുക്കൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുക.

7) കാർഷിക ഉല്പന്നങ്ങൾക്ക് മികച്ച വിപണി ഉറപ്പാക്കുക.

8) തരിശുനില കൃഷി ഉൾപ്പെടെ എല്ലാ കാർഷിക പ്രവർത്തനങ്ങൾക്കും മികച്ച സാങ്കേതിക സഹായങ്ങളും, തൊഴിലവസരങ്ങളും സൃഷ്ടിക്കുക.

9) കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ എല്ലാത്തരത്തിലുമുള്ള പ്രവർത്തനങ്ങളും നടത്തുക.

സെക്ഷൻ ഓഫീസർ